ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:25.01.2026**

## പ്രധാനവാർത്തകൾ

1) 77-ാമത് റിപ്പബ്ലിക് ദിന ആഘോഷങ്ങൾക്ക് ഒരുങ്ങി രാജ്യം. രാഷ്ട്രപതി ദ്രൗപദി മുർമു അൽപസമയത്തിനകം രാഷ്ട്രത്തെ അഭിസംബോധന ചെയ്യും.

2) രാജ്യത്തെ പരമോന്നത സിവിലിയൻ ബഹുമതിയായ പത്മ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. വി.എസ് അച്യുതാനന്ദനും, കെ.ടി തോമസിനും, പി നാരായണനും പത്മ വിഭൂഷൺ. മമ്മൂട്ടിക്കും വെള്ളാപ്പള്ളി നടേശനും പത്മ ഭൂഷൺ.

3) ഭരണഘടനാ നിർമ്മാതാക്കൾക്ക് ശ്രദ്ധാഞ്ജലി അർപ്പിക്കാനുള്ള അവസരമാണ് റിപ്പബ്ലിക് ദിനമെന്ന് മൻ കി ബാത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി. ലോകത്തിലെ മൂന്നാമത്തെ വലിയ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയായി ഇന്ത്യ മാറിയെന്നും പരാമർശം.

4) സംസ്ഥാനത്തെ ജനങ്ങൾക്ക് റിപ്പബ്ലിക് ദിനാശംസകൾ നേർന്ന് ഗവർണറും മുഖ്യമന്ത്രിയും ഉൾപ്പെടെയുള്ള പ്രമുഖർ.

5) സംസ്ഥാന ചലച്ചിത്ര പുരസ്കാര വിതരണ ചടങ്ങ് തിരുവനന്തപുരത്ത് പുരോഗമിക്കുന്നു.

RNU TVPM

6) ഇന്ത്യ-ന്യൂസിലൻഡ് പുരുഷ ട്വൻറി-20 ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരം ഇന്ന്.

**&&&&&&&&&&&&&&&&&&**

<u>റിപ്പബ്ലിക് ദിനാഘോഷം- ഇൻട്രോ</u>

77-ാമത് റിപ്പബ്ലിക് ദിന ആഘോഷങ്ങൾക്ക് ഒരുങ്ങി രാജ്യം. രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് വൈകുന്നേരം 7 മണിക്ക് രാഷ്ട്രത്തെ അഭിസംബോധന ചെയ്യും. ആകാശവാണിയുടെ എല്ലാ ശൃംഖലകളും ദൂരദർശനും പരിപാടി പ്രക്ഷേപണം ചെയ്യും. ന്യൂഡൽഹിയെ കർത്തവ്യപഥിൽ നാളെ രാവിലെ 10.30 ന് ആരംഭിക്കുന്ന റിപ്പബ്ലിക് ദിന പരേഡിൽ രാഷ്ട്രപതി അഭിവാദ്യം സ്വീകരിക്കും. യൂറോപ്യൻ കൗൺസിൽ പ്രസിഡൻറ് അന്റോണിയോ കോസ്റ്റയും യൂറോപ്യൻ കമ്മീഷൻ പ്രസിഡൻറ് ഉർസുല വോൺ ഡെർ ലെയ്നും ചടങ്ങിൽ മുഖ്യാതിഥികളാവും.

RNU TVPM

**വിശദാംശങ്ങളിലേക്ക്.....**

<u>റിപ്പബ്ലിക് ദിനാഘോഷം- വോയിസ്</u>

രാജ്യത്തിന്റെ സൈനിക ശക്തിയുടെയും സാംസ്കാരിക പൈതൃകത്തിന്റെയും സവിശേഷമായ ദൃശ്യവിരുന്നിനാകും കർത്തവ്യ പഥ് നാളെ സാക്ഷ്യം വഹിക്കുക. വന്ദേമാതരത്തിൻ്റെ 150 വർഷം എന്നതാണ് ഇക്കുറി റിപ്പബ്ലിക് ദിന പരേഡിൻ്റെ പ്രമേയം. 17 സംസ്ഥാനങ്ങളുടെ നിശ്ചല ദൃശ്യങ്ങൾ പരേഡിൽ അണിനിരക്കും. ഓപ്പറേഷൻ സിന്ദൂറിൽ രാജ്യം കൈവരിച്ച വിജയമാണ് കരസേനയുടെ നിശ്ചലദൃശ്യത്തിൽ ആവിഷ്ക്കരിച്ചിരിക്കുന്നത്. ആറായിരത്തിലേറെ സൈനികർ

റിപ്പബ്ലിക് ദിന പരേഡിൽ അണിനിരക്കും. ഓപ്പറേഷൻ സിന്ദൂറിൽ നിർണായക മുന്നേറ്റത്തിന് മാർഗ്ഗമൊരുക്കിയ ബ്രഹ്മോസ് മിസൈൽ ആണ് വ്യോമസേനയുടെ ദൃശ്യാവിഷ്കാരം. റിപ്പബ്ലിക് ദിനാഘോഷങ്ങളുടെ ഭാഗമായി രാജ്യതലസ്ഥാനത്ത് കർശന സുരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്.

ന്യൂസ് ഡസ്ക്, ആകാശവാണി

&&&&&&&&&&&&&&&&&

പത്മ അവാർഡ്

രാജ്യത്തെ പരമോന്നത സിവിലിയൻ ബഹുമതിയായ പത്മ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. കേരളത്തിൽ നിന്ന് മുൻ മുഖ്യ മന്ത്രി വി.എസ് അച്യുതാനന്ദനും, സുപ്രീംകോടതി മുൻ ജഡ്ജി ജസ്റ്റിസ് കെ.ടി തോമസും, സാഹിത്യ രംഗത്തെ സംഭാവനകൾക്ക് പി നാരായണനും പത്മ വിഭൂഷൺ പുരസ്കാരത്തിന് അർഹരായി. ചലച്ചിത്ര നടൻ മമ്മൂട്ടി, SNDP യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ എന്നിവരാണ് പത്മ ഭൂഷൺ പുരസ്കാരം നേടിയ മലയാളികൾ. ശാസ്ത്ര മേഖലയിൽ നിന്ന് എ.ഇ മുത്തുനായഗം, നൃത്തരംഗത്തെ സംഭാവനകൾക്ക് കലാമണ്ഡലം വിമല മേനോൻ, പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾക്ക് കൊല്ലക്കയിൽ ജി ദേവകി അമ്മ എന്നിവർക്കാണ് കേരളത്തിൽ നിന്നും പത്മശ്രീ പുരസ്കാരം ലഭിച്ചത്. വിവിധ സംസ്ഥാനങ്ങളിൽ നിന്നായി 131 പേരാണ് 2026 ലെ പത്മ പുരസ്കാരങ്ങൾക്ക് അർഹരായത്.

&&&&&&&&&&&&&&&&&

RNU TVPM

## മൻ കി ബാത്ത് -റിപ്പബ്ലിക് (ഇൻട്രോ)

ഭരണഘടനാ നിർമ്മാതാക്കൾക്ക് ശ്രദ്ധാഞ്ജലി അർപ്പിക്കാനുള്ള അവസരമാണ് റിപ്പബ്ലിക് ദിനമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടിയായ മൻ കി ബാത്തിൻറെ 130-ആം പതിപ്പിലൂടെ, ജനങ്ങളെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. വോട്ടർമാർ ജനാധിപത്യത്തിന്റെ ആത്മാവാണെന്നും ജനുവരി 25- ദേശീയ സമ്മതിദായക ദിനത്തിൻറെ പ്രാധാന്യം വ്യക്തമാക്കിക്കൊണ്ട് പ്രധാനമന്ത്രി പറഞ്ഞു . 18 വയസ്സ് തികയുമ്പോൾ തന്നെ വോട്ടർമാരായി പേരു ചേർക്കാൻ രാജ്യത്തെ യുവജനങ്ങളോട് അദ്ദേഹം ആഹ്വാനം ചെയ്തു.

(ഹോൾഡ് വോയിസ്)

&&&&&&&&&&&&&&&&&

## മൻ കി ബാത്ത്- സ്റ്റാർട്ടപ്പ്-ഇൻട്രോ

ലോകത്തിലെ മൂന്നാമത്തെ വലിയ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയായി ഇന്ത്യ മാറിയിരിക്കുന്നതായും പ്രധാനമന്ത്രി മൻ കി ബാതിൽ പറഞ്ഞു. അതിവേഗം പുരോഗമിക്കുന്ന ഇന്ത്യൻ സമ്പദ് വ്യവസ്ഥയെ ലോകം ഉറ്റുനോക്കുകയാണെന്നും ഉത്പന്നങ്ങളുടെ ഗുണനില വാരത്തിന് നാം സവിശേഷ പ്രാധാന്യം നൽകണമെന്നും അദ്ദേഹം വ്യക്തമാക്കി.

(ഹോൾഡ് വോയിസ്)

&&&&&&&&&&&&&&&&&

PNU IVPM

## മൻ കി ബാത്ത്- കുടുംബവ്യവസ്ഥ

ഭാരതത്തിന്റെ കുടുംബവ്യവസ്ഥയെ ലോകമെങ്ങുമുള്ള രാജ്യങ്ങൾ വളരെ കൗതുകത്തോടെയാണ് കാണുന്നതെന്നും പ്രധാനമന്ത്രി പറഞ്ഞു. നമ്മുടെ പാരമ്പര്യത്തിന്റെ അവിഭാജ്യ ഘടകമായ കുടുംബവ്യവസ്ഥയോട് പല രാജ്യങ്ങൾക്കും വലിയ ആദരവാണുള്ളതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. കുടുംബത്തിന്റെയും സമൂഹത്തിന്റെയും ശക്തി ഒന്നിക്കുമ്പോൾ, ഏറ്റവും വലിയ വെല്ലുവിളികളെപ്പോലും മറികടക്കാൻ കഴിയുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

**&&&&&&&&&&&&&&&&&&**

## ആശംസ- ഗവർണർ സിഎം

RNUTVPM

സംസ്ഥാനത്തെ ജനങ്ങൾക്ക് റിപ്പബ്ലിക് ദിനാശംസകൾ നേർന്ന് ഗവർണറും മുഖ്യമന്ത്രിയും ഉൾപ്പെടെയുള്ള പ്രമുഖർ. നീതി, സ്വാതന്ത്ര്യം, സമത്വം, സഹോദര്യം തുടങ്ങി രാഷ്ട്രത്തെ യോജിപ്പിച്ച് നിർത്തുന്ന ശാശ്വത മൂല്യങ്ങളുടെ ഓർമപ്പെടുത്തലാണ് ഈ ദിനമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ആശംസ സന്ദേശത്തിൽ പറഞ്ഞു. ജനങ്ങൾ കൂട്ടായ പ്രവർത്തനത്തിലൂടെ 2047 ൽ വികസിത ഭാരതം സൃഷ്ടിക്കണമെന്നും ഗവർണർ അഭ്യർഥിച്ചു. വൈവിധ്യങ്ങളെ ആഘോഷിക്കുന്ന, തുല്യനീതി ഉറപ്പാക്കുന്ന ഇന്ത്യ എന്ന ആശയത്തിന്റെ ആത്മാവാണ് ഭരണഘടനയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ ആശംസാ സന്ദേശത്തിൽ വ്യക്തമാക്കി. മതനിരപേക്ഷതയും ജനാധിപത്യവും ഉയർത്തിപ്പിടിച്ച്, ഭരണഘടനാ മൂല്യങ്ങൾ സംരക്ഷിക്കുമെന്ന ഉറച്ച പ്രതിജ്ഞ എടുക്കാൻ അദ്ദേഹം ജനങ്ങളോട് ആഹ്വാനം ചെയ്തു.

&&&&&&&&&&&&&&&&&

ദേശീയ സമ്മതിദാന ദിനം

ദേശീയ സമ്മതിദായക ദിനം രാജ്യം ഇന്ന് വിപുലമായ പരിപാടികളോടെ ആഘോഷിച്ചു. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ ന്യൂഡൽഹിയിൽ സംഘടിപ്പിച്ച ആഘോഷ പരിപാടികളിൽ രാഷ്ട്രപതി ദ്രൗപദി മുർമു മുഖ്യാതിഥിയായി പങ്കെടുത്തു. സമ്മതിദായകർക്കിടയിൽ അവബോധം വർധിപ്പിക്കുന്നതിനായി ആകാശവാണി വാർത്താ വിഭാഗം നടത്തിയ മികച്ച പ്രചാരണ പരിപാടികൾക്കുള്ള പുരസ്കാരം ആകാശവാണി ഡയറക്ടർ ജനറൽ രാജീവ് കുമാർ ജെയ്ൻ രാഷ്ട്രപതിയിൽ നിന്നും ഏറ്റുവാങ്ങി.

&&&&&&&&&&&&&&&&&

ചലച്ചിത്ര പുരസ്കാരം മുഖ്യമന്ത്രി

RNUTVPM

2024ലെ സംസ്ഥാന ചലച്ചിത്ര പുരസ്കാരങ്ങൾ മുഖ്യമന്ത്രി പിണറായി വിജയൻ അൽപസമയത്തിനകം വിതരണം ചെയ്യും. തിരുവനന്തപുരം നിശാഗന്ധി ഓഡിറ്റോറിയത്തിൽ ചടങ്ങ് **പുരോഗമിക്കുകയാണ്.** കേരള സർക്കാരിന്റെ പരമോന്നത ചലച്ചിത്ര ബഹുമതിയായ ജെ സി ഡാനിയേൽ പുരസ്കാരം നടി ശാരദ മുഖ്യമന്ത്രിയിൽനിന്ന് ഏറ്റുവാങ്ങും. മികച്ച നടനുള്ള പുരസ്കാരം മമ്മൂട്ടിക്കും, മികച്ച നടിക്കുള്ള പുരസ്കാരം ഷംല ഹംസക്കും സമ്മാനിക്കും. ടൊവിനോ തോമസ്, ആസിഫ് അലി, ലിജോമോൾ ജോസ്, ജ്യോതിർമയി, സൗബിൻ ഷാഹിർ, സിദ്ധാർഥ് ഭരതൻ, സംവിധായകൻ ചിദംബരം

തുടങ്ങി നിരവധി ചലച്ചിത്രപ്രതിഭകൾ മുഖ്യമന്ത്രിയിൽ നിന്നും പുരസ്കാരം സ്വീകരിക്കും.

&&&&&&&&&&&&&&&&&

<u>കെ ബി ഗണേഷ് കുമാർ.</u>

മോട്ടോർ വാഹന നിയമത്തിലെ കേന്ദ്ര ഭേദഗതികൾ കൂടിയാലോചനയ്ക്ക് ശേഷം മാത്രമേ സംസ്ഥാനത്ത് നടപ്പാക്കൂ എന്ന് മന്ത്രി കെ ബി ഗണേഷ് കുമാർ. സാധാരണക്കാർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കാത്ത രീതിയിൽ മാത്രമേ നിയമങ്ങൾ നടപ്പാക്കൂ എന്നും മന്ത്രി ഉറപ്പുനൽകി. ഒരു വർഷം അഞ്ചോ അതിലധികമോ ട്രാഫിക് നിയമ ലംഘനങ്ങൾക്ക് ചല്ലാൻ ലഭിച്ചാൽ ഡ്രൈവറുടെ ലൈസൻസ് റദ്ദ് ചെയ്യുമെന്ന വ്യവസ്ഥ കേരളത്തിൽ നടപ്പാക്കുമെന്ന മാധ്യമ വാർത്തകളുമായി ബന്ധപ്പെട്ടാണ് മന്ത്രിയുടെ പ്രതികരണം. കേന്ദ്രത്തിന്റെ മോട്ടോർ വാഹന ചട്ടം ഭേദഗതി യിൽ സംസഥാന സർക്കാർ ഇതുവരെ ഒരു തീരുമാനവും എടുത്തിട്ടില്ലെന്നും മന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു.

RNUTVPM

&&&&&&&&&&&&&&&&&

<u>നാടകോത്സവം- ഇൻട്രോ</u>

കേരള സംഗീത നാടക അക്കാദമി പതിനാറാമത് അന്താരാഷ്ട്ര നാടകോത്സവം ഇറ്റ്-ഫോക്കിന് തൃശൂരിൽ തിരശ്ശീല ഉയർന്നു. വിദേശരാജ്യങ്ങളിൽ നിന്നുള്ള 9 നാടകങ്ങളും മലയാളത്തിൽ നിന്നടക്കമുള്ള 14 ഇന്ത്യൻ നാടകങ്ങളും ഉൾപ്പെടെ 23 നാടകങ്ങളാണ് ഇത്തവണ ഇറ്റ്ഫോക്കിൽ എത്തുന്നത്.

വിശദാംശങ്ങളുമായി ആകാശവാണി തൃശ്ശൂർ ജില്ലാ പ്രതിനിധി ഭരിത പ്രതാപ്....

(വോയിസ്)

**&&&&&&&&&&&&&&&&&**

<u>ഇന്ത്യ- ന്യൂസിലൻറ് - ടി -20</u>

ഇന്ത്യ-ന്യൂസിലൻഡ് പുരുഷ ട്വൻറി-20 ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരം ഇന്ന്. ഗുവാഹാട്ടി സ്റ്റേഡിയത്തിൽ രാത്രി 7 മണിക്കാണ് മത്സരം. 5 മത്സരങ്ങളുള്ള പരമ്പരയിൽ ഇന്ത്യ 2-0 ന് മുന്നിലാണ്.

**&&&&&&&&&&&&&&&&&**

**&&&&&&&&&&&**

**&&&**

RNU TVPM